**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2759** **13-12-2022 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിലെ സംരംഭകത്വ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിലെ നഗരസഭയിലും വിവിധ പഞ്ചായത്തുകളിലും വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദമാക്കുമോ; | (എ) | സംരംഭക വർഷവുമായി ബന്ധപ്പെട്ട കൊണ്ടോട്ടി മണ്ഡലത്തിൽ 544 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 84.49 കോടി രൂപയുടെ നിക്ഷേപവും 1216 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പി.എം.ഇ.ജി.പി, ഇ.എസ്.സ്, പി.എം.എഫ് എം.ഇ, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തു വരുന്നുണ്ട്. സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നു വരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയവർക്ക് എന്തെല്ലാം സഹായങ്ങൾ വ്യവസായ വകുപ്പിൽ നിന്നും ലഭിക്കുമെന്ന് അറിയിക്കാമോ; | (ബി) | സംരംഭക വർഷവുമായി ബന്ധപ്പെട്ട കൊണ്ടോട്ടി മണ്ഡലത്തിൽ 544 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു. ഇതിലൂടെ 84.49 കോടി രൂപയുടെ നിക്ഷേപവും 1216 തൊഴിലവസരങ്ങളുമുണ്ടായി. കൂടാതെ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്ന പി.എം.ഇ.ജി.പി, ഇ.എസ്.സ്, പി.എം.എഫ് എം.ഇ, മാർജിൻ മണി ഗ്രാൻഡ് ടു നാനോ യൂണിറ്റ്സ് എന്നീ പദ്ധതികൾ വഴി വായ്പ ലഭ്യമാക്കി പുതിയ സംരംഭങ്ങൾ തുടങ്ങുവാനും സബ്സിഡി ലഭ്യമാക്കാനുമുള്ള സൗകര്യങ്ങൾ |

| | | | |
|---|---|---|---|
| | | | ചെയ്തു വരുന്നുണ്ട്. സംരംഭകർക്ക് പരിശീലനം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും സംരംഭകത്വ വികസന പരിപാടികൾ നടന്നു വരുന്നു. സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ലാ താലൂക്കുകളിലും റിസോഴ്സ് പേഴ്സൺസിനെ നിയമിക്കുകയും താലൂക്കുകൾ ഫെസിലിറ്റേഷൻ സെന്ററുകളായി പ്രവർത്തിക്കുകയും ചെയ്യുന്നു. |
| (സി) | അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | സംരംഭ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് അത്യന്താപേക്ഷിതമായ ഒരു കാര്യമാണ് അടിസ്ഥാന സൗകര്യ വികസനം. അതിൽ സ്ഥല ലഭ്യത, റോഡ്, വൈദ്യുതി എന്നിവയാണ് പ്രധാനപ്പെട്ടവ. ഇവയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ പ്രഖ്യാപിച്ച ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സംവിധാനം. വ്യവസായികമായി അനുയോജ്യമായ ചുരുങ്ങിയത് 10 ഏക്കർ സ്ഥലമുള്ള ഏതെങ്കിലും ഭൂവുടമ, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എങ്കിൽ പ്രസ്തുത വ്യവസായ എസ്റ്റേറ്റ് വികസിപ്പിക്കുന്നതിന്റെ ഭാഗമായുള്ള (അഭ്യന്തര റോഡ് നിർമ്മാണം, വൈദ്യുതി, വെള്ളം എന്നിവക്കുള്ള സൗകര്യമുണ്ടാക്കൽ, പൊതു സേവന സൗകര്യം ഉണ്ടാക്കൽ) ചെലവുകൾക്ക് ഏക്കറിന് 30 ലക്ഷം രൂപ വെച്ച് പരമാവധി 3 കോടി രൂപവരെ സർക്കാർ സബ്സിഡി ആയി അനുവദിച്ച് നൽകുന്നു. കൂടാതെ പ്രസ്തുത സ്ഥലം ഏകജാലക ക്ലിയറൻസ് ബോർഡ് ആക്ട് പ്രകാരം പ്രത്യേക വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ച് നൽകുകയും ചെയ്യുന്നു.<br><br>എം.എസ്.ഇ - സി.ഡി.പ്പി, പി.എം.എഫ്.എം.ഇ തുടങ്ങിയ പദ്ധതികൾ മുഖേന പൊതുസേവന കേന്ദ്രങ്ങൾ, പൊതുവിപണന സംവിധാനങ്ങൾ, ഇൻകുബേഷൻ സെന്ററുകൾ എന്നിവ സ്ഥാപിക്കാനുള്ള സംവിധാനവും ഉള്ളതാകുന്നു |

സെക്ഷൻ ഓഫീസർ